LSGD

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ വകുപ്പ്**

തദ്ദേശസ്വയം ഭരണ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽസ്റ്റേഷൻ, കൊല്ലം. പിൻ നമ്പർ .691013-

ഈമെയിൽ -ivo1lsgdkollam@gmail.com

ഫോൺ നമ്പർ 04742793431-

IVO-1 - 16 / CA-66/2023

തീയതി: 21-06-2024

**സുശീന്ദ്രൻ.കെ**
ഇന്റേണൽ വിജിലൻസ് ഓഫീസർ-1 &
കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-1
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ , കൊല്ലം

**ശ്രീമതി. ശോഭന .എൽ**
അമൃതാലയം
അമ്പലത്തുംഭാഗം .പി.ഒ
പോരുവഴി,കൊല്ലം-690520

സർ,

വിഷയം : ത.സ്വ.ഭ.വ കൊല്ലം ജില്ല - പോരുവഴി ഗ്രാമപഞ്ചായത്ത് - 2000-മാർച്ച് 30 ന് മുമ്പ് നിർമ്മിച്ച കെട്ടിടത്തിന് മുകളിൽ താമസാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള കെട്ടിട നിർമ്മാണാനുമതി ലഭിച്ചില്ലായെന്ന പരാതി -നടപടി വിവരം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന 1 -താങ്കൾ സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ല അദാലത്ത് സമിതി മുമ്പാകെ 22/01/2024 തീയതിയിൽ സമർപ്പിച്ച പരാതി.

2- സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ല അദാലത്ത് സമിതിയുടെ 19/06/2024 ലെ 1-ാം നമ്പർ തീരുമാനം

1996 ൽ നിർമ്മാണം പൂർത്തീകരിച്ച് കരം അടച്ചുവരുന്ന തന്റെ ഉടമസ്ഥതയിലുള്ള PP IV/420A (മുൻ നമ്പർ) IX/119 (പുതിയത് ) നമ്പരായി ഒറ്റനില കെട്ടിടത്തിന് മുകളിലായി ഒരു നിലകൂടി നിർമ്മിക്കുന്നതിന് 09/11/2023 ന് പോരുവഴി ഗ്രാമപഞ്ചായത്തിൽ പെർമിറ്റിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ 2013 ൽ റീസർവ്വേ നടത്തി അതിര് കല്ല് സ്ഥാപിച്ച വസ്തു വീണ്ടും റീസർവ്വേ നടത്തി അതിര് കല്ല് സ്ഥാപിച്ച് സ്കെച്ച് സമർപ്പിക്കണമെന്ന് വ്യക്തമാക്കി 06/12/2023 തീയതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുള്ളതാണ് റീസർവ്വേ പ്രകാരം തന്റെ വീട് സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ ഒരു ഭാഗം 26.7 മീറ്ററും മറ്റേ ഭാഗം 8.30 മീറ്ററുമായി അകലമുണ്ട്. അതിൽ 26.7 മീറ്റർ അകലമുള്ള ഭാഗത്താണ് എന്റെ വീട് സ്ഥിതി ചെയ്യുന്നത്. 2000 മാർച്ച് 31 ന് നിലവിലുള്ള കെട്ടിടങ്ങൾക്ക് ചട്ടം 23, 26, 28 എന്നിവ ബാധകമല്ലെങ്കിൽ പോലും മതിയായ സെറ്റ് ബാക്ക് നിലവിലുള്ള എന്റെ

വീടിന്റെ മുകളിൽ അതേ അളവിൽ ഒരു നിലകൂടി പണിയുവാനുള്ള അനുമതി ലഭ്യമാക്കണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

1997 വർഷം പൂർത്തീകരിച്ച കെട്ടിടം 1998 മുതൽ പോരുവഴി ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതി ഈടാക്കി വരുന്നതും PWD റോഡിന്റെ അതിർത്തിയോട് ചേർത്ത് മതിൽ നിർമ്മിക്കുന്നതിന് 2016 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുള്ളതാണ്. പഴയവീട് നിലനിർത്തികൊണ്ട് അതിന് മുകളിൽ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകണമെന്ന് രേഖപ്പെടുത്തി അപേക്ഷക മൊഴി നൽകിയിട്ടുള്ളതാണ്.

പ്രസ്തുത അപേക്ഷ പ്രകാരം സ്ഥല പരിശോധനയും അനുബന്ധ രേഖകളും പരിശോധിച്ചതു പ്രകാരമുള്ള നടപടി വിവരം താഴെ വിവരിക്കുന്നു.

പോരുവഴി വില്ലേജിൽ ബ്ലോക്ക് നമ്പർ 06 ൽ റീസർവ്വേ നമ്പർ 733/11 ഉൾപ്പെട്ട 4.86 ആർസ് വസ്തു സംബന്ധിച്ച് സമർപ്പിച്ച സ്കെച്ചും, പ്ലോട്ടും പരിശോധിച്ചപ്പോൾ അപേക്ഷകന്റെ പ്ലോട്ടിലെ അളവുകളും സ്കെച്ചിലെ അളവുകളും തമ്മിൽ പൊരുത്ത കേടുകൾ കാണുന്നു. ആയതിനാൽ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം (6) പ്രകാരം പ്ലോട്ടിന്റെ ശരിയായ അളവുകൾ രേഖപ്പെടുത്തിയ പ്ലാൻ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് തുടർനടപടി സെക്രട്ടറി സ്വീകരിക്കുന്നതുമാണ്.

9/119 -ാം നമ്പർ കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച് റിപ്പോർട്ടിൽ കെട്ടിടത്തിന്റെ വസ്തുനികുതി നിലവിൽ വന്നത് 2013-14 ആദ്യപാദം മുതലാണെന്നും അസസ്മെന്റ് പ്രകാരം 15 വർഷം കാലപ്പഴക്കം ഉള്ളതായി കാണുന്നു. ആയതിനാൽ 2019 ലെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 23, 26, 28 ബാധകമാണെന്നും ചട്ടം 72 പ്രകാരമുള്ള ഇളവുകൾ നൽകുവാൻ കഴിയുകയില്ലായെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

എന്നാൽ പ്രസ്തുത കെട്ടിടം 1996 ൽ നിർമ്മാണം പൂർത്തീകരിച്ച് പോരുവഴി ഗ്രാമപഞ്ചായത്തിൽ നേരിട്ട് നികുതി അടച്ചുവരുന്നതാണെന്നും കെട്ടിട നികുതി അടവാക്കാത്തതിനാൽ ബഹു. കോടതി മുഖേന PP IV/420A നമ്പർ കെട്ടിടത്തിന്റെ നികുതി ഈടാക്കുന്നതിന് 27/01/1998 തീയതിയിൽ പ്രൊസിക്യൂഷ്യൻ ഫയൽ ( ST 930/98) ചെയ്തത് സംബന്ധിച്ച നടപടി രേഖയുടെ പകർപ്പ് ഹർജി കക്ഷി ഹാജരാക്കിയിട്ടുള്ളതാണ്. ആയതിനാൽ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ വിന്യസിക്കുന്നതിന് മുമ്പ് പ്രസ്തുത കെട്ടിടം നിലവിലുണ്ടായിരുന്നോ എന്നത് സംബന്ധിച്ച് 1996-1997 മുതലുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് സെക്രട്ടറി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന ഉപജില്ല അദാലത്ത് സമിതിയുടെ 19/06/2024 തീയതിയിലെ 1 -ാം നമ്പർ തീരുമാന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുരേന്ദ്രൻ.കെ
ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ , കൊല്ലം